പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2483 **27-10-2026-ൽ മറുപടിയ്ക്ക്**

വിശ്വാസ് സമഗ്ര പാക്കേജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എഫ്. രാജ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) വിശ്വാസ് സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്ത് ചില സംഘങ്ങളിലെ നിക്ഷേപം തിരികെ നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി 'വിശ്വാസ്' എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

i) വിവിധ കാരണങ്ങളാൽ നിക്ഷേപം തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളെ കണ്ടെത്തി, അവരുടെ പ്രതിസന്ധിക്കുള്ള കാരണം തിരിച്ചറിഞ്ഞു അതിനനുസരണമായി ഓരോ സംഘങ്ങൾക്കും പ്രത്യേക രക്ഷാപാക്കേജ് തയ്യറാക്കി നിക്ഷേപകർക്ക് അവരുടെ നിക്ഷേപ തുക തിരികെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ii) അതോടൊപ്പം ഇത്തരത്തിൽ പ്രതിസന്ധിയിലായതിൽ പ്രവർത്തിച്ചു കരകയറാനാകുന്ന സംഘങ്ങൾക്ക് സഹകരണ നിയമ പ്രകാരമുള്ള പുനരുദ്ധാരണ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കി അവരെ പ്രവർത്തന പന്ഥാവിലെത്തിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

iii) സഹകരണ നിയമം വകുപ്പ് 57 B പ്രകാരമുള്ള നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട്പ്രതിസന്ധിയിലാകുന്ന സംഘങ്ങളിലെ നിക്ഷേപകർക്കും വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപ തുക നല്കാൻ കഴിയുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

iv) ഇത്തരത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും നിക്ഷേപകർക്ക് തുക നൽകുന്നതിനായി വലിയ ബാധ്യത വരും എന്നത് കൂടി കണക്കിലെടുത്ത് സംസ്ഥാനത്തു നിക്ഷേപം സ്വീകരിക്കുന്ന മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരൻറി സ്കീമിൽ അംഗമാകാൻ വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയും ഈ പദ്ധതിയുടെ ഭാഗമാണ്.

ഇതിന്റെ ഭാഗമായി നിക്ഷേപം തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ 450 സഹകരണ സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുകൾമൂലം നിക്ഷേപം തിരകെ നല്കാൻ

സാധിക്കാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനുമായി BUDS ACT പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ആശ്വാസ് 2026

സഹകരണസംഘങ്ങൾ/ ബാങ്കുകൾഎന്നിവിടങ്ങളിൽ വർധിച്ചുവരുന്ന കുടിശ്ശിക /കിട്ടാക്കടം കുടിശ്ശിക കുറയ്ക്കുന്നതിനും മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ, മരണപ്പെട്ടവർ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ സാമ്പത്തിക ബുദ്ധിമുട്ട് കാരണം വയ്പാതിരിച്ചടവ് മുടങ്ങിയവർ എന്നിവർക്ക് ഇളവുകളോടെ വായ്പ്പാ ബാധ്യതയിൽ നിന്നും ഒഴിവാകുന്നതിനുമായി ഈ സർക്കാർ 2026 ജൂൺ 1 മുതൽ 2026 സെപ്റ്റംബർ 30 വരെ ഒറ്റത്തവണ വായ്പ്പാ തീർപ്പാക്കൽ പദ്ധതി ആശ്വാസ് -2026 നടപ്പിലാക്കിയിരുന്നു.

(ബി) സഹകരണ സംഘങ്ങളിലെ ഫണ്ട് വകമാറ്റൽ, സാമ്പത്തിക തട്ടിപ്പ്, നിക്ഷേപകരുടെ പണം ദുരുപയോഗം ചെയ്യൽ തുടങ്ങിയ ക്രമക്കേടുകൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നിരീക്ഷണ പരിശോധനാ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിശോധനകളുടെയും അന്വേഷണങ്ങളുടെയും വകുപ്പുതല പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായിസംസ്ഥാനതലത്തിൽ ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ക്രമക്കേടുകൾ നടത്തുന്ന ഭരണസമിതി അംഗങ്ങൾക്കും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും തെറ്റായ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഓഡിറ്റർമാർക്കെതിരെ നടപടി ഉറപ്പാക്കുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: സഹകരണ സംഘങ്ങളിൽ ഓഡിറ്റ് നടക്കുന്നവേളയിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉത്തരവാദപ്പെട്ട ഭരണസമിതി അംഗങ്ങൾ, സംഘം ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റർ സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി ആഡിറ്റ് വിഭാഗം ജോയിന്റ് ഡയരക്ടർക്ക് നൽകുകയും ആയതിൽ ക്രിമിനൽ നടപടി ആവശ്യമുള്ളവയിൽ അതിനായുള്ള പ്രത്യേക റിപ്പോർട്ട് പോലീസിന് കൈമാറുന്നതിനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

ഓഡിറ്റ് പൂർത്തിയായ ശേഷം പൂർത്തീകരിച്ച ആഡിറ്റ് കാലയളവിൽ ടി സംഘത്തിൽ എന്തെങ്കിലും ക്രമക്കേടുകളോ പണാപഹരണങ്ങളോ വെളിവാക്കപ്പെട്ടാൽ ബന്ധപ്പെട്ട ആഡിറ്റർക്കെതിരെ വകുപ്പ് തല അച്ചടക്കനടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ നേരത്തേ കണ്ടെത്തുന്നതിനും നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഓഡിറ്റ് സംവിധാനം കൂടുതൽ സുതാര്യവും ഉത്തരവാദിത്തപൂർണവുമാക്കുന്നതിനും വിശ്വാസ് സമഗ്ര പാക്കേജിലൂടെ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മറുപടി: സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ നേരത്തെ കണ്ടെത്തുന്നതിനും നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുംസഹകരണ ആഡിറ്റ് കൂടുതൽ സുതാര്യവും ഉത്തരവാദപൂർണമാക്കുന്നതിനുംവേണ്ടി സഹകരണ സംവിധാനം വകുപ്പിൽ ടീം ഓഡിറ്റ്, ആഡിറ്റ് മട്രിക്സ്എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. Audit Standard നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വിശ്വാസ് സമഗ്ര പാക്കേജിൽ ആഡിറ്റ് വിഭാഗത്തിലെ നടപടികൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ